**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - മുനിസിപ്പൽ കോമൺ സർവ്വീസിൽനിന്നും തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ആഗിരണം (absorb) ചെയ്യപ്പെട്ട മൂന്നാം ഗ്രേഡ് ഓവർസീയർമാർക്ക് രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകുന്നത് - ശ്രീമതി.ബീനാതമ്പി മുതൽ പേരുടെ നിവേദനം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നമ്പർ 128/2015-ലുള്ള 19-03-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധാ) നം. 391/2016/തസ്വഭവ. തീയ്യതി, തിരുവനന്തപുരം 30- 01- 2016

---

പരാമർശം 1. ശ്രീമതി. ലത. എസ് മുതൽ പേർ സമർപ്പിച്ച 04-11-2014-ലെ നിവേദനം

2. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10-12-2014-ലെ ഇ 22/1130/2011/സി.ഇ/തസ്വഭവ. നം. കത്ത്.

3. ശ്രീമതി. ബീനാതമ്പി മുതൽ പേർ ഫയൽ ചെയ്ത ഒ.എ. നമ്പർ 128/2015-ലുള്ള 19-03-2015-ലെ വിധിന്യായം

4. നഗരകാര്യ ഡയറക്ടറുടെ 30-04-2015, 15-10-2015 എന്നീ തീയതികളിലെ ഇ 4/3646/11 നമ്പർ കത്തുകൾ

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ മൂന്നാം ഗ്രേഡ് ഓവർസീയർമാരായ ശ്രീമതി. ബീനാതമ്പി മുതൽ പേർ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 128/15 നമ്പർ കേസ്സിന്മേൽ ഒന്നാം എതിർ കക്ഷിയായ സർക്കാർ നേരിൽ കേട്ട് മുകളിൽ ഒന്നാമതായി വായിച്ച ടി ജീവനക്കാരുടെ അപേക്ഷയിന്മേൽ (അനക്സർ-എ 9) നാല് മാസത്തിനകം തീർപ്പ് കൽപ്പിക്കുവാൻ 19-03-2015-ലെ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2. കേസിലെ അപേക്ഷകരുടെ വാദഗതികളുടെ അടിസ്ഥാനത്തിൽ ഈ കേസ്സിന്റെ സംക്ഷിത രൂപം ചുവടെ ചേർക്കുന്നു:-

i. മുനിസിപ്പൽ കോമൺ സർവ്വീസിൽനിന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ആഗിരണം (absorb) ചെയ്യപ്പെട്ട പരാതിക്കാരുടെ സീനിയോറിറ്റി, മറ്റ് വകുപ്പുകളിൽനിന്നും പുനർവിന്യാസം (deploy) ചെയ്യപ്പെട്ടവരേക്കാൾ വളരെ താഴെയാണ്.

ii. തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ആഗിരണം ചെയ്യുന്നതിനു മുമ്പ് മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രൊമോഷന് അർഹത യുണ്ടായിരുന്നു.

iii. തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ്) വകുപ്പ് രൂപീകരണത്തിനു മുമ്പ് മുനിസിപ്പൽ കോമൺ സർവ്വീസിൽ സമയത്തിന് പ്രൊമോഷൻ നടന്നിരുന്നു വെങ്കിൽ 31-12-2007-ൽ രണ്ടാം ഗ്രേഡ് ഓവർസീയർ ആയി തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ്) വകുപ്പിലേക്ക് ആഗിരണം ചെയ്യപ്പെട്ടുമായിരുന്നു.

iv. 04-06-2009-ലെ സ.ഉ. (എം.എസ്) നം. 96/09/തസ്വഭവ പ്രകാരം cadre strength എന്നത് മൂന്നാം ഗ്രേഡ് ഓവർസീയർ - 197, രണ്ടാം ഗ്രേഡ് ഓവർസീയർ - 142, ഒന്നാം ഗ്രേഡ് ഓവർസീയർ - 197 ആണ്.

v. 142 രണ്ടാം ഗ്രേഡ് ഓവർസീയർമാരിൽ 114 പേർ മാത്രമേ 31-12-2007-ൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലിയിൽ പ്രവേശി ച്ചിരുന്നുള്ളൂ. 28 രണ്ടാം ഗ്രേഡ് ഓവർസീയർമാരുടെ ഒഴിവുകൾ (142 – 114) അവശേഷിച്ചിരുന്നു. ഈ ഒഴിവുകളിലേക്ക് പ്രൊമോഷൻ ലഭിക്കുവാൻ പരാതി ക്കാർക്ക് അർഹതയുണ്ടായിരുന്നു.

vi. 2007-ൽ നഗരകാര്യ വകുപ്പ് ഡയറക്ടർ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തിക യിലേക്ക് പ്രൊമോഷനുവേണ്ടി 66 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നു.

vii. നഗരകാര്യ വകുപ്പ് ഡയറക്ടർ 28 ഒഴിവുകൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും പിന്നീട്, 2011-ൽ, തെറ്റായിട്ടാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതെന്നും ആ ഒഴിവിലേക്ക് നിയമനം നടത്തരുതെന്നും കാണിച്ച് പബ്ലിക്ക് സർവ്വീസ് കമ്മീഷന് കത്ത് നൽകുകയും ചെയ്തിരുന്നു.

viii. ശ്രീ. ഹരിദാസ് ഫയൽ ചെയ്ത കേസ്സിന്റെ വിധിന്യായ പ്രകാരം 2009-ൽ പ്രസിദ്ധീകരിച്ച 66 പേരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും 29 പേരെ നഗരകാര്യ വകുപ്പ് ഡയറക്ടർ 01-01-2008 മുതൽ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നടത്തി ഉത്തരവായിരുന്നുവെങ്കിലും തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഒഴിവുകൾ ഇല്ലായെന്ന കാരണം പറഞ്ഞ് ഈ ഉത്തരവ് നടപ്പാ ക്കിയില്ല. അതിനുശേഷം സ.ഉ. (സാധ) നം. 2130/14/തസ്വഭവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 23 പേരെ 01-01-2008 പ്രാബല്യത്തിൽ പ്രൊമോട്ട് ചെയ്യുകയും തുടർന്ന് 6 പേരെയും കൂടി പ്രൊമോട്ട് ചെയ്യുകയുമുണ്ടായി.

3. നഗരകാര്യ വകുപ്പ് ഡയറക്ടർ തയ്യാറാക്കിയ 66 പേരുടെ ലിസ്റ്റിൽനിന്നും 37 (66–29) പേരെകൂടി 01-01-2008 തീയതിയിൽ മുൻകാല പ്രാബല്യത്തിൽ പ്രൊമോഷൻ നൽകണമെന്നതാണ് അനക്സർ-എ.9 (പരാതി) ലെ ആവശ്യം.

4. കോടതി നിർദ്ദേശത്തിനനുസൃതമായി 10-07-2015-ൽ പരാതിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. പരാതിക്കാരുടെ വാദഗതികൾ ചുവടെ ചേർക്കുന്നു.

i. നഗരകാര്യ വകുപ്പ് ഡയറക്ടർ 2007-ൽ മൂന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിലുള്ളവർക്ക് രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി 66 പേരുടെ ലിസ്റ്റ് തയ്യാറാക്കിയെങ്കിലും ഇതിൽനിന്നും 29 പേർക്ക് മാത്രമേ പ്രൊമോഷൻ ലഭിച്ചിരുന്നുള്ളൂ.

ii. 26 രണ്ടാം ഗ്രേഡ് ടൗൺ പ്ലാനിംഗ് സർവ്വേയർമാർക്ക് ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകി.

iii. ഇപ്രകാരം ടൗൺ പ്ലാനിംഗ് സർവ്വേയർമാർക്ക് പ്രൊമോഷൻ നൽകിയപ്പോൾ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയുടെ cadre strength കൂട്ടേണ്ടതായിരുന്നെന്നും ടി ഒഴിവുകൾ തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ്) വകുപ്പ് രൂപീകരണവേളയിൽ നഗരകാര്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നില്ല.

iv. ടി 66 പേരുടെ ലിസ്റ്റിൽനിന്നും ബാക്കിയുള്ള 37 പേരെക്കൂടി 01-01-2008 മുതൽ പ്രാബല്യത്തോടെ രണ്ടാം ഗ്രേഡ് ഓവർസീയർ ആയി പ്രൊമോട്ട് ചെയ്യണം.

5. ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകൾ, ഉത്തരവുകൾ എന്നിവയുടെ വെളിച്ചത്തിലും നഗരകാര്യ വകുപ്പ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

6. Kerala Municipal Common Service (Engineering & Town Planning) Special Rules പ്രകാരം രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയുടെ mode of appointment എന്നത് By promotion from Overseer Grade III and by Direct Recruitment എന്നതാണ്. ഇതിന് ഒരു fixed ratio നിശ്ചയിച്ചിരുന്നില്ല. തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ്) വകുപ്പിൽ cadre strength നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 04-06-2009-ലെ സ.ഉ. (എം.എസ്) നം, 96/2009/തസ്വഭവ പ്രകാരം രണ്ടാം ഗ്രേഡ് ഓവർസീയർമാരുടെ cadre strength 142 ആണ്. എന്നാൽ തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ്) വിഭാഗം രൂപീകരിച്ചപ്പോൾ 114 പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിരുന്നുള്ളൂ. അങ്ങിനെ വരുമ്പോൾ 28 ഒഴിവുകൾ ഉണ്ടായിരുന്നു എന്ന് കണക്കാക്കാവുന്നതാണ്. 18-08-2014-ലെ സ.ഉ. (സാധ) നം. 2130/2014/തസ്വഭവ പ്രകാരവും, 24-02-2015-ലെ സ.ഉ. (സാധ) നം. 548/2015/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഒരു നടപടിക്രമം പ്രകാരവും 29 പേർക്ക്കൂടി രണ്ടാം ഗ്രേഡ് ഓവർസീയർ ആയി പ്രൊമോഷൻ നൽകിയതായി കാണുന്നു. ഇവിടെ പരിശോധിക്കേണ്ടുന്ന വസ്തുത

31-12-2007-ൽ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ എത്ര ഒഴിവുകൾ യഥാർത്ഥത്തിൽ ഉണ്ടായിരുന്നു എന്നതാണ്. പരാതിക്കാർ അവകാശപ്പെട്ടതുപോലെ ഒന്നാം ഗ്രേഡ് ഓവർസീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിലേക്ക് 31-12-2007-ൽ പ്രൊമോഷൻ നടന്നിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന consequential vacancies ഇവിടെ കണക്കാക്കാൻ സാധിക്കുന്നില്ല (പ്രസ്തുത പ്രൊമോഷനുകൾ നടന്നിരുന്നില്ല). Kerala Municipal Common Service (Engineering & Town Planning) Special Rules – ൽ category No.7 എന്നത് Public Works Overseer Grade II / Craftsman Grade II / Water Works Inspector Grade II / Town Planning Surveyor Grade II ആണ്. ഒരേ കാറ്റഗറി ആയതിനാൽ Town Planning Surveyor Grade II തസ്തികയിലെ ഒഴിവുകൾ cadre strength–ൽ കണക്കു കൂട്ടിയിരുന്നില്ല എന്ന പരാതിക്കാരുടെ അവകാശവാദം നിലനിൽക്കുന്നില്ല.

7. മേൽ സാഹചര്യത്തിൽ 01-01-2008-ൽ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ ഒഴിവുകൾ ഇല്ലായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ 01-01-2008 മുതൽ മുൻകാല പ്രാബല്യത്തിൽ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ പ്രൊമോഷൻ നൽകണമെന്ന പരാതിക്കാരുടെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചുകൊണ്ടും അപ്രകാരം OA No.128/2015-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19-03-2015-ലെ വിധി നടപ്പിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല സി. എസ്സ്.**
ഗവ.അണ്ടർ സെക്രട്ടറി

1. ശ്രീമതി.ബീന തമ്പി, ശ്രീമതി. ലത. എസ്, ശ്രീമതി. വത്സലാകുമാരി. ആർ, ശ്രീമതി. സുരജ, ശ്രീ. ശിവകുമാർ, ശ്രീ. സന്തോഷ് ഉണ്ണി, തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖാന്തിരം)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ